# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4195

25.06.2018-ലെ മറുപടി

### കാക്കത്തുരുത്ത് മേഖലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരളാ വാട്ടർ അതോറിറ്റിയുടെ ചുമതലയിൽ ജലവിതരണം നടത്തുന്ന ആലപ്പാട് ഗ്രാമ പഞ്ചായത്തിലെ കാക്കത്തുരുത്ത് മേഖലയിൽ ജലവിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ പ്രദേശത്തേക്ക് ജലവിതരണം ചെയ്യുന്നത് പ്രധാനമായും കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ 35-ാം ഡിവിഷനിൽ ആലുംകടവിൽ സ്ഥാപിച്ചിട്ടുള്ള കുഴൽ കിണറിൽ നിന്നാണ്. ടി. കുഴൽകിണർ വളരെ കാലപ്പഴക്കം ചെന്നതുമൂലം ഇതിൽ നിന്നും പമ്പ് ചെയ്യുന്ന ജലത്തിന്റെ അളവ് കുറവായിരുന്നതു കൊണ്ടാണ് ഈ പ്രദേശത്ത് ജല ദൗർലഭ്യം അനുഭവപ്പെട്ടത്. ഇതു പരിഹരിക്കുന്നതിനു വേണ്ടി നിലവിലുള്ള പൈപ്പ്ലൈനുകൾ തമ്മിൽ ബന്ധിപ്പിക്കുകയും പൈപ്പ്ലൈനുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയും ഈ പ്രദേശത്ത് അനുഭവപ്പെട്ട ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഓച്ചിറ കുടിവെള്ള പദ്ധതിയിൽ നിന്നുമുള്ള നൽകുന്നുണ്ട്. |
| (ബി) ഈ ഭാഗത്തെ പൈപ്പ് ലൈനുകൾ മാറ്റി കൂടുതൽ ശേഷിയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) ഉണ്ട്, ആലപ്പാട് ഗ്രാമ പഞ്ചായത്തും ഓച്ചിറ ബ്ലോക്ക് പഞ്ചായത്തും കൂടി സംയുക്തമായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 5.41 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ആലപ്പാട് പഞ്ചായത്തിന് 22.2.2018-ൽ സമർപ്പിച്ചിട്ടുണ്ട്. |

| ചോദ്യം | മറുപടി |
|---|---|
| (ഡി) ഈ ഭാഗത്തെ കുടിവെള്ളക്ഷാമം (സി) പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | ഈ ഭാഗത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ 35-ാം ഡിവിഷനിലെ ആലുംകടവ് പ്രദേശത്ത് നിലവിലുള്ള പഴയ കുഴൽ കിണറിന് പകരം ഒരു പുതിയ കുഴൽ കിണർ നിർമ്മിക്കുന്നതിനു വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു |

Reeb

**സെക്ഷൻ ഓഫീസർ**